# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 7625/11/12/2023/**

പരാതികക്ഷി : എൻ.സുധാകരൻ,രേഷ്മാഭവൻ,പുലരിനഗർ
ശാന്തംമൂല, മലയിൻകീഴ്,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 08.04.2025**

പരാതികക്ഷിക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിന് കഴിയുക ഇല്ല എന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 06.12.2023 തീയതി റിപ്പോർട്ട് സമർപ്പിച്ചു. മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ പരാതികക്ഷിക്ക് ലൈഫ് ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ക്രമനമ്പർ 163 പ്രകാരം ഉൾപ്പെട്ടിട്ടുണ്ടെന്നും, അപേക്ഷകനോട് 3 സെൻറ് വസ്തു കണ്ടെത്തി വരാൻ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു എന്നും, എന്നാൽ നാളിതുവരെയും ടിയാൻ വസ്തു കണ്ടെത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല എന്നും, ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ജനറൽ വിഭാഗത്തിന് മൂന്നു സെൻറിൽ കുറയാത്ത ഭൂമിക്ക് പരമാവധി രണ്ട് ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതി പരിഗണനയ്ക്കെടുത്ത 04.04.2025 തീയതി ഹർജികക്ഷി ഹാജരായി. നിലവിൽ വസ്തു വാങ്ങിയെന്ന് ഹർജികക്ഷി പറയുകയുണ്ടായി. വീടു വയ്ക്കുന്നതിനുള്ള ധനസഹായം മുൻഗണനാക്രമം അനുസരിച്ച് കാലതാമസം വരുത്താതെ നൽകുന്നതിനുള്ള നടപടി മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടു കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ